ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) ഭൂകമ്പത്തിൽ കേടുപാട് സംഭവിച്ച വീടുകൾക്ക് പ്രകൃതിക്ഷോഭത്തിൽ വീട് നഷ്ടപ്പെടുന്നവർക്ക് നൽകുന്ന അതേ നിരക്കിൽ, പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആരാധനാലയങ്ങൾക്കും മറ്റും ദുരിതാശ്വാസ നിധിയിൽ നിന്ന് നഷ്ടപരിഹാരം നൽകുന്നതിന് ഇപ്പോൾ വ്യവസ്ഥയില്ല. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ നൽകുന്നതിനുള്ള നടപടികൾ ഇപ്പോൾ പരിഗണനയിൽ ഇല്ല.

കാലവർഷക്കെടുതികൾക്കുള്ള സഹായം

73 (886) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പുവർഷം കാലവർഷക്കെടുതിമൂലം സംസ്ഥാനത്ത് ആകെ എന്തെല്ലാം നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട് ; ജില്ലതിരിച്ച് കണക്ക് ലഭ്യമാക്കുമോ ;

(ബി) ദുരന്തത്തിന് ഇരയായവർക്ക് സഹായങ്ങൾ എത്തിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചു ; അതിലേയ്ക്കായി സർക്കാർ എന്തു തുക ചെലവഴിച്ചു ;

(സി) ഇതിലേയ്ക്ക് കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) നാശനഷ്ടങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) പ്രകൃതിക്ഷോഭ ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് 30,000 രൂപ വീതവും, വീടുകൾ നഷ്ടപ്പെട്ടവർക്ക് ഭാഗിക നഷ്ടത്തിന് 5,000 രൂപ വരെയും, പൂർണ നഷ്ടത്തിന് 15,000 രൂപയും നൽകിയിട്ടുണ്ട്. മറ്റ് നാശനഷ്ടങ്ങൾക്ക് നിശ്ചിത തോതിൽ ധനസഹായം നൽകുന്നുണ്ട്. ദുരിതാശ്വാസത്തിനായി ചെലവഴിച്ച തുക അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.

(സി) ഇതിലേയ്ക്ക് പ്രത്യേക കേന്ദ്ര സഹായമൊന്നും ലഭിച്ചിട്ടില്ല. സംസ്ഥാന പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള കേന്ദ്ര വിഹിതത്തിന്റെ ആദ്യ ഗഡുവായ 17.34 കോടി രൂപ ലഭിച്ചിട്ടുണ്ട്.

വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിലെ സംരക്ഷണ കേന്ദ്രങ്ങൾ

74 (887) ശ്രീ. പി. കെ. കുമാരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

† അനുബന്ധം VIII, IX

LIBRARY ARCHIVES Kerala Legislative Assembly

(എ) വെള്ളപൊക്ക ബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്ക് സംരക്ഷണം നൽകുവാൻ സ്ഥിരമായ സംരക്ഷണ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇപ്രകാരം ദുരിതമനുഭവിക്കുന്നവർക്ക് ശാശ്വത പരിഹാരം കാണുന്നതിനായി ആറ്റുതീരസംരക്ഷണ പദ്ധതിയ്ക്ക് രൂപം നൽകാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രകൃതിക്ഷോഭത്തിൽപ്പെട്ട് ദുരിതമനുഭവിക്കുന്നവരെ മാറ്റി പാർപ്പിക്കേണ്ട ആവശ്യത്തിനായി സംരക്ഷണ കേന്ദ്രങ്ങൾ ഇപ്പോൾ നിലവിലുണ്ട്.

(ബി) ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിപ്രകാരം ആലപ്പുഴ നഗരത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

75 (888) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിപ്രകാരം ആലപ്പുഴ നഗരത്തിൽ 1995 മേയ് മാസം മുതൽ 2001 നാളിതുവരെയായി എത്ര കോടി രൂപയ്ക്കുള്ള പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ഇത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ;

(ബി) കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ ഭരണാനുമതി നൽകിയ മുഴുവൻ പ്രവർത്തികളും പൂർത്തിയാക്കിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ ;

(ഡി) ഓരോ വർഷവും ഭരണാനുമതി നൽകിയ പ്രവർത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 91 പണികൾക്കായി 1,34,75,000 രൂപയുടെ ഭരണാനുമതികൾ നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) സ്വീകരിച്ചിട്ടുണ്ട്.

(ഡി) 1996-ൽ 14 പണികൾക്കും 1997-ൽ 5 പണികൾക്കും 1998-ൽ 15 പണികൾക്കും 1999-ൽ 24 പണികൾക്കും 2000-ൽ 33 പണികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

കാലവർഷക്കെടുതിയിൽപെടുന്ന റോഡുകളുടെ പുനരുദ്ധാരണം

76 (889) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly